"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ്, ബ്ലോക്ക് 13 റീസർവ്വെ നമ്പർ 1-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമി കേശവദാസപുരം എം.ജി കോളേജിനു സമീപം കോരക്കുളത്തിൻക്കര, കെ.കെ.ആർ നഗറിലെ, പ്രസ്തുത ഭൂമിയിലെ കൈവശക്കാർക്ക് ഇനം മാറ്റം നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.39/2026/RD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. 11.12.2024 ലെ യോഗനടപടികുറിപ്പ്
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18.11.2025-ലെ ബി.4-311467/2025 നമ്പർ കത്ത്.
3. 02.12.2025-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ./12731/2025-പി.എം.2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ്, ബ്ലോക്ക് 13 റീസർവ്വെ നമ്പർ 1-ൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമി പതിച്ചു കിട്ടുന്നതിനായി കേശവദാസപുരം എം.ജി കോളേജിനു സമീപം കോരക്കുളത്തിൻക്കര, കെ.കെ.ആർ നഗറിലെ 20 കൈവശക്കാർ അപേക്ഷിച്ചിരുന്നെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. ബി.റ്റി.ആർ പ്രകാരം പ്രസ്തുത ഭൂമിയുടെ ഇനം 'കുളം പുറമ്പോക്ക്' (ആകെ 19.92 ആർസ്) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പതിവിനാസ്പദമായ ഭൂമിയിൽ അവശേഷിക്കുന്ന കുളത്തിന്റെ വിസ്തീർണ്ണം 0.85 ആർസ് മാത്രമാണ്. അപേക്ഷകർ എല്ലാവരും 30 വർഷത്തിലധികമായി പ്രസ്തുത ഭൂമി കൈവശം വച്ച് താമസിച്ചു വരുന്നതാണ്. അപേക്ഷകരിൽ ഭൂരിഭാഗം പേർക്കും കൈവശരേഖ ലഭിച്ചിട്ടുണ്ട്. അപേക്ഷകർക്ക് മറ്റൊരിടത്തും സ്വന്തമായി ഭൂമിയില്ല. സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കായി അപേക്ഷാ ഭൂമി നീക്കി വച്ചിട്ടില്ലാത്തതുമാണ്. അപേക്ഷകർക്ക് ഭൂമി പതിച്ച് നൽകുന്നതിൽ തടസ്സം ഇല്ലെന്ന് തിരുവനന്തപുരം നഗരസഭ 06.11.2020 ൽ നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുള്ളതുമാണ്. 1995 ലെ ഭൂമി പതിവ് ചട്ടം 7(1) പ്രകാരം നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതും ആയത് ആക്ഷേപരഹിതമായി മടങ്ങിയിട്ടുള്ളതുമാണ്. അപേക്ഷകരുടെ വാർഷിക വരുമാനം 2,50,000/- രൂപയ്ക്ക് താഴെ ആണെന്നും ആയതിനാൽ സൗജന്യ പതിവിന് അർഹരാണെന്നും പരാമർശം (1) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി കുളംപുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ട് വരുന്ന ഭൂമിയുടെ ഇനം മാറ്റുന്നതിലേക്കും കക്ഷികളുടെ പേരിൽ പതിവ് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ കവടിയാർ വില്ലേജ്, ബ്ലോക്ക് 13 റീസർവ്വെ നമ്പർ 1-ൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമി ടി. ഭൂമിയിലെ കൈവശക്കാരായ കേശവദാസപുരം എം.ജി കോളേജിനു സമീപം കോരക്കുളത്തിൻക്കര,

കെ.കെ.ആർ നഗറിലെ 20 കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനായി സർക്കാർ ഉത്തരവുണ്ടാകണമെന്നുമാണ് പരാമർശം (2&3) പ്രകാരം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും അഭ്യർത്ഥിച്ചിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കവടിയാർ വില്ലേജ്, ബ്ലോക്ക് 13 റീസർവ്വെ നമ്പർ 1-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം 'കുളം പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും അപേക്ഷാ കക്ഷികൾ 30 വർഷത്തിലധികമായി താമസിച്ചു വരുന്നതുമായ ടി. ഭൂമി കേശവദാസപുരം എം.ജി കോളേജിനു സമീപം കോരക്കുളത്തിൻക്കര, കെ.കെ.ആർ നഗറിലെ നിലവിലെ കൈവശക്കാർക്ക് (ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) 'തരിശ്'ആയി ഇനംമാറ്റം നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

3. ടി. ഭൂമി പതിച്ച് നൽകുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
വിവര-പൊതുജനസംമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 27-01-2026 18:54:21
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ സെക്രട്ടറിയുടെ പി. എക്ക്,
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്